പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1885</u> 15.07.2016-ന് മറുപടിയ്ക്ക്

## അട്ടത്തോട് സർക്കാർ ട്രൈബൽ സ്കൂളിന് സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗ സംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പുതുതായി ആരംഭിച്ച അട്ടത്തോട് സർക്കാർ ട്രൈബൽ സ്കൂളിന് വനം വകുപ്പ്, സ്ഥലം വിട്ടു നൽകണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണെന്നും എത്ര സ്ഥലമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; | (എ) റാന്നി വനം ഡിവിഷന്റെ പരിധിയിൽ വരുന്ന അട്ടത്തോട് സർക്കാർ ട്രൈബൽ സ്കൂളിന് വനം വകുപ്പ് സ്ഥലം വിട്ടു നൽകണമെന്ന ആവശ്യം ജില്ലാ വികസന സമിതി യോഗങ്ങളിൽ ബഹുമാനപ്പെട്ട റാന്നി എം.എൽ.എ ശ്രീ.രാജു എബ്രഹാം അവർകൾ ഉന്നയിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ വനാവകാശ നിയമപ്രകാരമുള്ള അപേക്ഷ യൂസർ ഏജൻസിയായ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ അപേക്ഷയിൽ ഒരു ഹെക്ടർ സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (ബി) അട്ടത്തോട് ട്രൈബൽ സ്കൂളിനായി വനഭൂമി വിട്ടു നൽകാൻ എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ എത്ര സ്ഥലം വിട്ടു നൽകാനാണ് നിശ്ചയിച്ചിരിക്കുന്നതെന്നും ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്നും വ്യക്തമാക്കാമോ;<br>(സി) വനമേഖലയിൽ ഒറ്റപ്പെട്ടു കഴിയുന്ന ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്ന അട്ടത്തോട് ട്രൈബൽ സ്കൂളിന് സ്ഥലം വിട്ടു നൽകാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) & (സി) അട്ടത്തോട് ട്രൈബൽ സ്കൂളിന്റെ (പ്രൈമറി) വികസനത്തിനായി 0.5 ഹെക്ടർ സ്ഥലം 16.02.2016 ൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ യൂസർ ഏജൻസിക്ക് വിട്ട് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പക്കലാണുള്ളത്. |

Ajithkumar B

സെക്ഷൻ ഓഫീസർ